പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2030 — 07.03.2017 ൽ മറുപടിയ്ക്ക്

## രാജി വെച്ച ജീവനക്കാരുടെ സർവ്വീസ് പെൻഷൻ

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
|---|---|---|
| (എ) | സപ്ലൈകോയിൽ നിന്നും 2003 ന് ശേഷം എത്ര ജീവനക്കാർ രാജി വച്ച് മറ്റ് സർവ്വീസുകളിലേക്ക് പോയി എന്നറിയിക്കാമോ; | (എ) 2003 മുതൽ നിലവിൽ സപ്ലൈകോയിൽ നിന്ന് 1660 ജീവനക്കാർ രാജിവച്ച് പോയിട്ടുണ്ട്. |
| (ബി) | ഇവരുടെ സപ്ലൈകോ സർവ്വീസ് മറ്റ് ഡിപ്പാർട്ടുമെൻറുകളിൽ പെൻഷന് പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (ബി) കെ.എസ്.ആർ-പാർട്ട് 3-റൂൾ 20 നോട്ട് 2 പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ കീഴിൽ കമ്പനീസ് ആക്ട് പ്രകാരമോ പ്രത്യേക നിയമ പ്രകാരമോ രൂപീകൃതമായ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയം ഭരണാധികാരമുള്ള സ്ഥാപനങ്ങൾ എന്നിവയിലേയ്ക്കും, എന്നിവയിൽ നിന്നും ഉള്ള സേവനകാലം സർവ്വീസ് പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കുന്നതല്ല. ഇത് 03.04.2012 ലെ സ.ഉ (പി) നം.209/2012/ധന. പ്രകാരം ഉൾപ്പെടുത്തിയതാണ്. സപ്ലൈകോ 1956 ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതമായതിനാൽ തന്നെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ സർവ്വീസ് മറ്റ് വകുപ്പുകളിൽ പെൻഷന് പരിഗണിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ